# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 251

01.12.2014-ൽ മറുപടിയ്ക്ക്

## പോലീസുകാരുടെ പീഡനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.വി വിജയദാസ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പോലീസുകാരിൽനിന്നും സാധാരണ ജനങ്ങൾ പീഡനങ്ങൾക്കിരയാവുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ), ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നിരപരാധികളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി മൃഗീയമായി പീഡിപ്പിച്ചതായുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) & (സി) കൊച്ചി സിറ്റിയിലെ ചേരാനല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം 965/14 u/s 381 IPC കേസ്സിലെ പ്രതിയായ ലീബ രതീഷ് എന്ന സ്ത്രീയെ ചേരാനല്ലൂർ പോലീസ് കേസ്സിൽ കുടുക്കി കസ്റ്റഡിയിൽ മർദ്ദിച്ചു എന്ന ആക്ഷേപത്തെത്തുടർന്ന് ചേരാനല്ലൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1086/14 u/s 342, 323, 324, 325, 294 (b), 354 r/w 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ടി കേസ്സ് 16.10.2014-ലെ ഡി.2/114015/14/പി.എച്ച്.ക്യൂ.- എന്ന ഉത്തരവ് പ്രകാരം അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതുമാണ്. ആരോപണ വിധേയരായ എസ്.ഐ. ശ്രീ.ഇ.എസ്.സാംസൺ, ഗ്രേഡ് അസി.സബ് ഇൻസ്പെക്ടറായ ശ്രീ.കുര്യാക്കോസ്(ഇ 7141), സിവിൽ പോലീസ് ഓഫീസറായ ശ്രീ.ശ്രീജി(10159), വനിത സിവിൽ പോലീസ് ഓഫീസർമാരായ ശ്രീമതി.സുനിത(10208), ശ്രീമതി.സന്ധ്യാമോൾ (9370), ശ്രീമതി.സിജ്ജ (9963), ശ്രീമതി.രേഖ(11859) എന്നിവരെ സർവ്വീസിൽ നിന്ന് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും, ടിയാളുകൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചും വരുന്നു. |
| (സി) ലീബ എന്ന യുവതിയായ വീട്ടമ്മയെ ചേരാനല്ലൂർ സ്റ്റേഷനിലെ വനിതാ പോലീസുകാർ അടക്കം ക്രൂരമായി മർദ്ദിച്ച് നട്ടെല്ല് തകർത്ത സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ? | |

സെക്ഷൻ ഓഫീസർ